കോടഞ്ചേരി ഗവൺമെൻറ് കോളേജ്

1836 [2872] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവൺമെൻറ് കോളേജ് എന്നാണ് ആരംഭിച്ചത്;

(ബി) സ്പോൺസറിംഗ് കമ്മിറ്റി നിബന്ധനകൾ മുഴുവൻ പാലിച്ചാണോ കോളേജ് ആരംഭിച്ചത്;

(സി) കോളേജ് കെട്ടിടത്തിൻെറ ഓടു മുഴുവൻ കാറ്റിൽ പറന്നുപോയതും, കെട്ടിടം ചോർന്നൊലിക്കുന്നതും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെട്ടിടം നിർമ്മിക്കാൻ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) 22-8-1980-ൽ.

(ബി) അല്ല. കോളേജ് ആരംഭിച്ചതിനുശേഷം നിബന്ധനകൾ പാലിക്കുകയാണ് ഉണ്ടായത്.

(സി) കെട്ടിടത്തിൻെറ ഓട് കാറ്റിൽ പറന്നുപോയിട്ടില്ല. എന്നാൽ, കേടായ ഉത്തരങ്ങൾ ഓടിൻെറ ഭാരം മൂലം തകരുമെന്ന് മനസ്സിലാക്കിയ പ്രിൻസിപ്പാൾ നാട്ടുകാരുടെ സഹായത്തോടെ ഓട് ഇളക്കി മാറ്റിയതായി റിപ്പോർട്ടു ലഭിച്ചിട്ടുണ്ട്. കെട്ടിടത്തിൻെറ അറ്റകുറ്റ പണികൾക്ക് നിർദ്ദേശം നൽകികഴിഞ്ഞു.

(ഡി) നടപ്പ് സാമ്പത്തിക വർഷം ഇതിലേക്കായി 5 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

അംബിക എ. എൽ. പി. സ്കൂൾ യു പി. യായി ഉയർത്തുന്നതിനുള്ള നിവേദനം

1837 [2873] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് വിദ്യാഭ്യാസ ജില്ലയിൽ അംബിക എ. എൽ.പി. സ്കൂൾ യു. പി. സ്കൂളായി ഉയർത്തുന്നതിനുള്ള നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിയെടുത്തു;

(സി) ചന്ദ്രഭാനു കമ്മീഷൻ യു. പി. യായി ഉയർത്തുന്നതിനുള്ള ശുപാർശചെയ്ത സ്കൂളെന്ന നിലയ്ക്ക് ഈ സ്കൂൾ യു. പി. യായി ഉയർത്തുവാൻ ഉത്തരവുണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ സ്കൂളുകൾ ആരംഭിക്കുമ്പോൾ ഈ സ്ഥലത്തിന്റെ വിദ്യാഭ്യാസ ആവശ്യകത പരിശോധിക്കുവാൻ വിദ്യാഭ്യാസാധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

വെസ്റ്റ്നല്ലൂർ ഗവൺമെന്റ് എൽ. പി. സ്കൂൾ യു. പി. സ്കൂളായി അപ്പ് ഗ്രേഡ് ചെയ്യണമെന്ന ആവശ്യം

1838 [2874] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടു ജില്ലയിൽ ഫറോക്കിലെ വെസ്റ്റ് നല്ലൂർ ഗവൺമെന്റ് എൽ. പി. സ്കൂൾ യു. പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ പാരന്റ് ടീച്ചേഴ്സ് അസോസിയേഷൻ ഇത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിനു നിവേദനം നൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നൽകിയിരുന്നു.

(സി) നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്.

മാനേജ്മെന്റ് സ്കൂളുകളിലെ സ്റ്റാഫ്

1839 [2875] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. പി. പ്രഭാകരൻ:
,, കെ. ഇ. ഇസ്മയിൽ:
,, കെ. ടി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനേജ്മെന്റ് സ്കൂളുകളിൽ ആകെ എത്ര സ്റ്റാഫ് ഉണ്ട്;

(ബി) മാനേജ്മെന്റ് സ്കൂളുകളിലെ അദ്ധ്യാപകർക്കായി എന്തു തുക ചെലവാക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്വകാര്യ ഏജൻസികളാണ് സംസ്ഥാനത്ത് സ്കൂളുകൾ നടത്തുന്നത്?

ഉത്തരം

(എ) ആകെ 114047 പേർ ഉണ്ട്.

(ബി) 1985-86 വർഷത്തിൽ ഇതിലേക്കായി 180.18 കോടി രൂപ ചെലവായി.

(സി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം—V

LIBRARY ARCHIVES Kerala Legislative Assembly